# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നം.664 — 01.11.2011 ൽ മറുപടിക്ക്

## പട്ടയം സംബന്ധിച്ച കേസ്സുകൾ

**ചോദ്യം**

ശ്രീ സി.കൃഷ്ണൻ
ശ്രീ ഇ.പി.ജയരാജൻ
ശ്രീ എം.ഹംസ
ശ്രീമതി കെ.കെ.ലതിക

**ഉത്തരം**

ശ്രീ വി.എസ്.ശിവകുമാർ
[illegible]ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ | മലബാർ ദേവസ്വം വക ഭൂമി കയ്യേറി കൈവശം വെച്ചുവരുന്നവരെ സംബന്ധിച്ച് അന്വേഷണം നടത്തുന്നുണ്ടോ? | എ | മലബാർ ദേവസ്വം വക ഭൂമി കയ്യേറിയിട്ടുണ്ടെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം മലബാർ ദേവസ്വം ബോർഡ് അന്വേഷിച്ചുവരുന്നു. ഇതിനായി ബോർഡ് ഒരു ഉദ്യോഗസ്ഥനെ നിയോഗിച്ചിട്ടുണ്ട്. ആരൊക്കെ കയ്യേറിയെന്ന് കണ്ടെത്തി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| ബി | മലബാർ ദേവസ്വം ബോർഡിന് മാത്രം അർഹതയുള്ള ഭൂമിയെ സംബന്ധിച്ച് വിശദമാക്കാമോ? കെ.എൽ.ആർ. ആക്ട് പ്രകാരം അർഹരായ കർഷകർക്ക് നിയമാനുസരണം നൽകപ്പെട്ട പട്ടയം എത്രയാണ്? പട്ടയം സംബന്ധിച്ച എത്ര കേസ്സുകൾ നിലനിൽക്കുന്നു? പട്ടയ കേസ്സുകൾ തീരുമാനം എടുക്കുമ്പോൾ ദേവസ്വം ബോർഡിനെ അറിയിക്കാറുണ്ടോ? | ബി | മലബാർ ദേവസ്വം ബോർഡിന് മാത്രം അർഹതയുള്ള ഭൂസ്വത്ത് ഒന്നും ഇല്ല. ക്ഷേത്രഭരണവും സ്വത്തുക്കളും ട്രസ്റ്റിമാരിൽ നിക്ഷിപ്തമാണ്. കേരള ലാന്റ് റിഫോംസ് ആക്ട് പ്രകാരം കർഷകർക്ക് നിയമാനുസരണം നൽകപ്പെടുന്ന പട്ടയം സംബന്ധിച്ച കേസ്സുകളുടെ വിവരങ്ങൾ മലബാർ ദേവസ്വം ബോർഡിൽ സൂക്ഷിക്കുന്നില്ല എന്ന് ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. പട്ടയ കേസ്സുകൾ സംബന്ധിച്ച് റവന്യു വകുപ്പ് തീരുമാനമെടുക്കുമ്പോൾ മലബാർ ദേവസ്വം ബോർഡിനെ |

| | | | |
|---|---|---|---|
| | | | അറിയിക്കാറില്ല. നിലവിലുള്ള ആക്ട് പ്രകാരം ഭരണം ട്രസ്റ്റിമാരിൽ നിക്ഷിപ്തമായതിനാൽ ഓരോ ക്ഷേത്രവും ഓരോ പ്രത്യേക ഭരണ യൂണിറ്റാണ്. അതിനാൽ കേസ്സുകൾ നടത്തുന്നതും അതത് ക്ഷേത്രങ്ങളാണ്. ദേവസ്വം ബോർഡിന് ക്ഷേത്രഭൂമിയിൽ മേൽനോട്ടച്ചുമതലയല്ലാതെ മറ്റ് അധികാരമോ അവകാശമോ ഇല്ല. |
| സി | ഹിന്ദുമത ധർമ്മസ്ഥാപനങ്ങളെയോ ദേവസ്വം വകുപ്പിനെയോ അറിയിക്കാതെ പട്ടയകേസ്സിൽ തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ അവ പുന:പരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | സി | അന്യാധീനപ്പെട്ട ദേവസ്വം ഭൂമി വീണ്ടെടുത്തു നൽകണമെന്നത് സർക്കാരിന്റെ നയമാണ്. ആയതിനാൽ, ഇക്കാര്യം റവന്യൂ വകുപ്പ് അധികാരികളുമായി ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. മലബാർ ദേവസ്വം ബോർഡിൽ ഒരു ലാന്റ് കൺസർവൻസി യൂണിറ്റ് രൂപീകരിക്കുന്ന കാര്യവും സർക്കാരിന്റെ ആലോചനയിലുണ്ട്. |

സെക്ഷൻ ഓഫീസർ